പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5207* 30.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട ചർച്ചകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>" കെ. രാജു :<br>" ചിറ്റയം ഗോപകുമാർ :<br>" വി. ശശി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് ജീവനക്കാരുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി 13.02.2014, 25.02.2014, 30.04.2014, 12.06.2014 തീയതികളിൽ ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളിൽ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും, നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും ഉതകുന്ന പാക്കേജിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തർക്കമില്ലാത്ത നിർദ്ദേശങ്ങൾ ഉടനടി നടപ്പാക്കുന്നതിനും അംഗീകൃത സംഘടനകൾ ഉന്നയിച്ച തർക്കമുള്ള വിഷയങ്ങളിന്മേൽ കൂടുതൽ ചർച്ചകൾ നടത്തി ആവശ്യമായ ഭേദഗതികളോടെ നടപ്പാക്കുന്നതിനും തീരുമാനമായിട്ടുണ്ട്. പാക്കേജിലെ പ്രധാന നിർദ്ദേശമായ ദൈനംദിന വരുമാനത്തിൽ നിന്നും പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തുന്ന നിലവിലെ രീതി മാറ്റി സർക്കാരിന്റെ കൂടി സഹായത്തോടെ ഒരു പ്രത്യേക സഞ്ചിത നിധി സ്വരൂപിച്ച് കോർപ്പറേഷൻ സ്വന്തം നിലയിൽ നടത്തുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്യുകയും ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, ചോർച്ച ഒഴിവാക്കുന്നതിനുമുള്ള ക്രിയാത്മകമായ നടപടികൾ ദ്രുതഗതിയിൽ കൈക്കൊള്ളുന്നതിനും, തർക്ക വിഷയങ്ങൾ മാനേജ്മെന്റ് തലത്തിൽ തുടർ ചർച്ചകളിലൂടെ പരിഹരിക്കുന്നതിനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ